25 ഒക്ടോബർ 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 019


# 'നവകേരള' ഭാഗ്യക്കുറി വിൽപന: കുടുംബശ്രീ വനിതകൾ സമാഹരിച്ചത് 9.23 കോടി രൂപ

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണത്തിനുമായി അധിക തുക സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച 'നവകേരള ഭാഗ്യക്കുറി' വിൽപനയിലൂടെ കുടുംബശ്രീ വനിതകൾ നേടിക്കൊടുത്തത് 9.23 കോടി രൂപ. കുടുംബശ്രീ സി.ഡി.എസുകൾക്ക് കാഷ്വൽ ഏജൻസി എടുത്ത് നവകേരളം ഭാഗ്യക്കുറി വിൽക്കുന്നതിനായി സർക്കാർ അവസരം നൽകിയതിനെ തുടർന്നാണിത്.

ലോട്ടറി വിൽപനയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള 1064 കുടുംബശ്രീ സി.ഡി.എസുകളിൽ 1054 സി.ഡി.എസുകളും കാഷ്വൽ ഏജൻസിയെടുത്തിരുന്നു. ഇതുവഴി 18252 കുടുംബശ്രീ വനിതാ ഏജന്റ്മാരാണ് ടിക്കറ്റ് വിൽപനയിൽ സജീവമായത്. 3.69 ലക്ഷത്തിലേറെ ടിക്കറ്റുകളാണ് ഇവർ മുഖേന വിറ്റഴിച്ചത്. ലോട്ടറി വിൽപന ഊർജിതമാക്കുന്നതിന്റെ പ്രചരണാർത്ഥം കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ അംഗങ്ങൾ എല്ലാ ജില്ലകളിലും സെപ്റ്റംബർ 27 മുതൽ ഒക്ടോബർ ഒന്നു വരെ കലാജാഥയും സംഘടിപ്പിച്ചിരുന്നു.

സി.ഡി.എസുകളെ കൂടാതെ കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ, വിവിധ പരിശീലന ഗ്രൂപ്പുകൾ എന്നിവരും കാഷ്വൽ ഏജൻസി എടുത്ത് ടിക്കറ്റ് വിൽപന രംഗത്ത് സജീവമായി. പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിന്നുള്ള കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തി പരിശീലനവും നൽകിയിരുന്നു.



*നവകേരളം ഭാഗ്യക്കുറി പ്രചാരണാർത്ഥം സംഘടിപ്പിച്ച രംഗശ്രീ കലാജാഥയിൽ നിന്ന്.*

## കുടുംബശ്രീ സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക് പ്രവർത്തനം ആരംഭിച്ചു



കാസർഗോഡ് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലെ കുട്ടികളുടെ കലാവസാനകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചെറുവത്തൂർ സിഡിഎസിൽ ഒക്ടോബർ 13ന് സ്കൂളിന് തുടക്കമിട്ടത്. കുടുംബശ്രീ ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായാണ് സ്കൂളിന്റെ പ്രവർത്തനം നടത്തുന്നത്. ചെറുവത്തൂർ ഗ്രാമപഞ്ചായത്തും ജില്ലാ മിഷനും ചേർന്ന് നടത്തുന്ന സ്കൂളിൽ ശാസ്ത്രീയ നൃത്തത്തിലും സംഗീതത്തിലും പരിശീലനം നൽകുന്നു.

അഞ്ചിനും 15നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സിഡിഎസ് ഹാളിൽ എല്ലാ ഞായറാഴ്ചയുമാണ് ക്ലാസ്സുകൾ നൽകുന്നത്. ഇതുവരെ 200 കുട്ടികൾ സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ട്.

## 'കുഞ്ഞെഴുത്ത്' അട്ടപ്പാടിയിലെ ബാലഗോത്ര സഭാ കുട്ടികളുടെ ഇ-മാസിക പ്രസിദ്ധീകരിച്ചു

അട്ടപ്പാടിയിലെ ബാല ഗോത്രസഭാ കുട്ടികളുടെ നേതൃത്വത്തിൽ കുഞ്ഞെഴുത്ത് ഇ-മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. ആദിവാസി കുട്ടികളുടെ സർഗ്ഗാത്മാകശേഷി പരിപോഷിപ്പിക്കുക, അവരുടെ വ്യക്തിത്വ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മാസിക പ്രസിദ്ധീകരിക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായാണ് മാസികയുടെ പ്രസിദ്ധീകരണം നടത്തുന്നത്.

കവിതകൾ, അട്ടപ്പാടി മേഖലയിലെ വാർത്തകൾ, ആദിവാസികളുടെ സ്വന്തമായ പാട്ടുകൾ, കുട്ടികൾ വരച്ച ചിത്രങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവയെല്ലാം മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബറിൽ മാസികയുടെ ആദ്യ ലക്കം പുറത്തിറക്കി. ചീഫ് ഓപ്പറേറ്റിങ് ഓഫീസർ, സാമൂഹ്യ വികസനം കോർഡിനേറ്റർ, യങ് പ്രൊഫഷണൽ, സോഷ്യൽ വർക്കർ (ബാലവിഭവ കേന്ദ്രം), പഞ്ചായത്ത് സമിതി, ബ്രിഡ്ജ് കോഴ്സ് അധ്യാപകർ, ആനിമേറ്റർമാർ, ബ്രിഡ്ജ് സ്കൂൾ അധ്യാപകർ, ബാലഗോത്ര പഞ്ചായത്ത് ഭാരവാഹികൾ, ആർപി ടീം (ബാലവിഭവ കേന്ദ്രം) എന്നിവരാണ് മാസികയുടെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ.

അട്ടപ്പാടി പ്രത്യേക പദ്ധതിയുടെ സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ ആദിവാസി മേഖലയിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി രൂപം കൊടുത്ത നൂതന പദ്ധതിയാണ് ബാല വിഭവകേന്ദ്രം.




ബാല വിഭവ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അയൽക്കൂട്ട തലത്തിൽ രൂപീകരിച്ചിരിക്കുന്ന ബാല കൂട്ടായ്മയാണ് ബാല ഗോത്രസഭാ യൂണിറ്റുകൾ.

## പദ്ധതി പ്രവർത്തന പുരോഗതി: ആലപ്പുഴ ജില്ല

അഗതിരഹിത കേരളം

12

ആലപ്പുഴ ജില്ലയിലെ അഗതിരഹിത കേരളം പദ്ധതി പുരോഗതിയെക്കുറിച്ചാണ് ഈ ലക്കത്തിൽ വിശദീകരിക്കുന്നത്. ജില്ലയിൽ 23520 കുടുംബങ്ങളുടെ മൊബൈൽ സർവ്വേ പൂർത്തീകരിച്ചു. ഇതിൽ 13269 കുടുംബങ്ങളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ കുടുംബങ്ങളായി തെരഞ്ഞെടുത്തു. 29141 അംഗങ്ങൾ ഗുണഭോക്താക്കളാകും. ഇതിൽ 104 കുടുംബങ്ങൾ എസ്ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. 77 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്. ആലപ്പുഴ ജില്ലയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 77 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 72 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 72 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 48 |
| പ്രോജക്കുകൾ തയ്യാറാക്കിയവ | 19 |

**അടുത്തലക്കം: കോട്ടയം ജില്ലയുടെ പുരോഗതി**

കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com

## 'പിങ്ക് അലർട്ട്' കുടുംബശ്രീയുടെ ദുരന്തനിവാരണ സന്നദ്ധ സേന കോഴിക്കോട് സുസജ്ജം



പ്രകൃതി ദുരന്തങ്ങൾ നേരിടാനും ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കായും കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ രൂപം നൽകിയ വനിതാ ദുരന്തനിവാരണ സന്നദ്ധസേനയുടെ ആദ്യ ബാച്ച് പരിശീലനശേഷം പുറത്തിറങ്ങി. 100 സ്ത്രീകൾ ഉൾപ്പെടുന്ന ആദ്യ ബാച്ചിന്റെ ലോഞ്ചിങ് കോഴിക്കോട് കോർപ്പറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ നിർവ്വഹിച്ചു. കുടുംബശ്രീയുടെ ദുരന്തനിവാരണ സെല്ലിന്റെ ഭാഗമായാണ് പിങ്ക് അലർട്ട് ദുരന്തനിവാരണ സന്നദ്ധ സേന രൂപീകരിച്ചത്. സ്ത്രീകൾ മാത്രം ഉൾപ്പെടുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ദുരന്ത നിവാരണ സന്നദ്ധ സേനയാണ് പിങ്ക് അലർട്ട്. കുടുംബശ്രീ കോഴിക്കോട് കോർപ്പറേഷൻ സിഡിഎസ് അംഗങ്ങളാണ് ആദ്യ ബാച്ചിൽ പരിശീലനം നേടിയ നൂറുപേരും. കേരളം നേരിട്ട പ്രളയദുരിതത്തിൽ നാല് ലക്ഷത്തോളം കുടുംബശ്രീ വനിതകൾ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ സന്നദ്ധസേവനത്തിനിറങ്ങിയിരുന്നു.

അപ്രതീക്ഷിതമായുണ്ടാകുന്ന ദുരന്തങ്ങളും അടിയന്തര സാഹചര്യങ്ങളും വൈദഗ്ധ്യത്തോടെ നേരിടുന്നതിനായി 2005ലെ ദുരന്ത നിവാരണ നിയമം അനുസരിച്ച് രൂപം നൽകിയ പ്രത്യേക സംഘമായ ദേശീയ ദുരന്ത നിവാരണ സേനയുടെ നിർദ്ദേശപ്രകാരമാണ് പിങ്ക് അലർട്ടിന് രൂപം നൽകിയത്. അതിനാൽ തന്നെ ദേശീയ ദുരന്ത നിവാരണ സേനയുടെ മാർഗ്ഗനിർദേശങ്ങളനുസരിച്ചായിരിക്കും പിങ്ക് അലർട്ടിന്റെ പ്രവർത്തനം. ദുരന്തങ്ങളുടെയും കെടുതികളുടെയും പാർശ്വഫലങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയും കുട്ടികളെയുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതാണ് പിങ്ക് അലർട്ട് സേന രൂപീകരിച്ചത്. ദുരന്തങ്ങളെ അതിജീവിക്കുന്നതിനും ദുരിതാശ്വാസ- പുനരധിവാസ പ്രവർത്തനങ്ങൾക്കും കൂടുതൽ സ്ത്രീകളുടെ ഇടപെടൽ ഉറപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനമായി സേന പ്രവർത്തിക്കും.

25നും 45നും ഇടയിൽ പ്രായമുള്ള, സന്നദ്ധ സേവന തത്പരരും ആരോഗ്യവതികളുമായ സ്ത്രീകളെയാണ് പിങ്ക് അലർട്ട് സേനയിലേക്ക് തെരഞ്ഞെടുത്തത്. ടി. ഷിതയാണ് സേനയുടെ പ്രധാന കോർഡിനേറ്റർ. എം. സഹജ, ഷെമിമോൾ, കെ. സ്മിത എന്നിവരും കോർഡിനേറ്റർമാരാണ്. പിങ്കും വെള്ളയും ചേർന്ന ഓവർകോട്ടും മെറൂൺ നിറത്തിലുള്ള തൊപ്പിയും ബ്രൗൺ നിറത്തിലുള്ള ക്യാൻവാസ് ഷൂസുമാണ് പിങ്ക് അലർട്ട് സേനാംഗങ്ങളുടെ യൂണിഫോം.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലാണ് സേന പ്രവർത്തിക്കുന്നതെങ്കിലും അവശ്യ സാഹചര്യങ്ങളിൽ ജില്ലയിലെ മറ്റ് പ്രദേശങ്ങളിലും ജില്ലയ്ക്ക് പുറത്തും സേവനത്തിനായി സംഘം രംഗത്തിറങ്ങും. കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനൊപ്പം ട്രോമ കെയർ കോഴിക്കോട്, എൽജി കണ്ണങ്കണ്ടി എന്നീ സംഘടനകൾ സന്നദ്ധസേനയുടെ പങ്കാളികളായി വർത്തിക്കും. ബേബി മെമ്മോറിയൽ ആശുപത്രിയാണ് മെഡിക്കൽ പാർട്ണർ.


Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com